

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.7)/1272/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.7)/1272/2024

തീയ്യതി: 04/10/2024

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	05-08-2024	12-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2024	12-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പോളി ടി ഒ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
പി കെ ചന്ദ്രശേഖരൻ നായർ	പ്രസിഡന്റ്	01-04-2023	31-03-2024
എം എം ഷംസുദ്ദീൻ	സെക്രട്ടറി	01-04-2023	18-03-2024
പ്രകാശ് കെ കെ	സെക്രട്ടറി	19-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഖദീജ ബീവി കെ എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
രാജേന്ദ്രൻ എം എൻ	കൃഷി ഓഫീസർ	01-04-2023	14-06-2023
മനോജ് ഇ എൻ	കൃഷി ഓഫീസർ	15-06-2023	09-10-2023

സണ്ണി കെ എസ്	കൃഷി ഓഫീസർ	10-10-2023	04-12-2023
സൗമ്യ സണ്ണി	കൃഷി ഓഫീസർ	05-12-2023	31-03-2024
ഡോ. റോബിൻ ജെ പോൾ	വെറ്റിനറി സർജൻ	01-04-2023	21-08-2023
ഡോ.റസീന കരീം	വെറ്റിനറി സർജൻ	22-08-2023	31-03-2024
ശോഭ പി ജി	വി ഇ ഒ വാരപ്പെട്ടി	01-04-2023	31-03-2024
പ്രഭാത് പി	വി ഇ ഒ കോഴിപ്പിള്ളി	01-04-2023	22-08-2023
വരുൺ ആർ വി	വി ഇ ഒ കോഴിപ്പിള്ളി	23-08-2023	31-03-2024
ഷെർമി ജോർജ്ജ്	ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് എളങ്ങവം	01-04-2023	31-03-2024
അന്റോ വർഗ്ഗീസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	02-02-2024
പ്രിനീത വി കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	03-02-2024	31-03-2024
നസ്രിൻ നാസർ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. ബി സുധാകർ	മെഡിക്കൽ ഓഫീസർ സിഎച്ച്സി	01-04-2023	04-07-2023
ഡോ. സുമതി ജയരാജൻ	മെഡിക്കൽ ഓഫീസർ സിഎച്ച്സി	05-07-2023	20-10-2023
ഡോ. അനില ബേബി	മെഡിക്കൽ ഓഫീസർ സിഎച്ച്സി	21-10-2023	31-03-2024

ഡോ. പി കെ ലത	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. സജി ജോൺ	ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2023	23-07-2023
ഡോ. സൂസൻ	ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ	24-07-2023	31-03-2024

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്യൂമുലേറ്റഡ് ഡിപ്രീസീയേഷൻ ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയിട്ടും ആസ്തി എഴുതിത്തള്ളുന്നതിനുള്ള (Write Off) നടപടി സ്വീകരിച്ചിട്ടില്ല.	1-1-1
3	അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ബജറ്റ്	1-2
5	സാമ്പത്തിക വിശകലനം	1-3
6	ഗ്രാന്റ് വിനിയോഗം	1-4
7	പദ്ധതി അവലോകനം	1-5
8	തൊഴിലുറപ്പ് പദ്ധതി	1-6
9	ക്ഷേമ പദ്ധതികൾ	1-7
10	ക്യാഷ് വേരിഫിക്കേഷൻ	1-8
11	ആഭ്യന്തര നിയന്ത്രണം	1-9
12	മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ	1-10
13	തൊഴിൽ നികുതി - അപാകതകൾ	1-11
14	പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടില്ല	1-12
15	വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിർണ്ണയിച്ചിട്ടില്ല	1-13
16	മരാമത്ത് പ്രവൃത്തി പൊതു അപാകതകൾ	1-14
17	എല്ലാ വാർഡുകളിലും ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ - ആവശ്യകത വ്യക്തമല്ല	1-15
18	ഖാദി ചിറ പുനരുദ്ധാരണം. - അപാകതകൾ	1-16
19	കാവി ചിറ പുനരുദ്ധാരണം- പ്രവൃത്തി അപാകതകൾ	1-17
20	നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല	1-18

21	ഐകെഎം വിഹിതം അടവാക്കൽ - -ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല	1-19
22	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ മുഴുവൻ കാലയളവിലും ആനുകൂല്യം നല്കിയിട്ടില്ല	1-20
23	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.	1-21
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.05** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **07.06.2024** തീയതിയിൽ പിന്തുണയ്ക്കു സമർപ്പിക്കപ്പെട്ടിട്ടുള്ള **വാരപ്പെട്ടി ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.202** ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട് തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്ത ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കു ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടു സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ച ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്ത ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരി ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വാരപ്പെട്ടി ഗ്രാമ**പഞ്ചാ വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി:

1-1-1 അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയിട്ടും ആസ്തി എഴുതിത്തള്ളുന്നതിനുള്ള (Write Off) നടപടി സ്വീകരിച്ചിട്ടില്ല.

ബി11(ഇ) ഷെഡ്യൂളിൽ വെഹിക്കിൾ ഫോർ ഓഫീസ് യൂസ് (415140001) എന്ന ആസ്തിയുടെ ആണ്. എന്നാൽ, പ്രസ്തുത ആസ്തിയുടെ അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ (416100107) ₹ അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയിട്ടും ആസ്തി എ (Write Off) നടപടി സ്വീകരിച്ചിട്ടില്ല.

1-1-2 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടി

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെ അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 23.03.2(തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

മുന്നിരുപ്പ്	₹1,29,47,756.00
വരവ്	₹19,08,48,429.00
ആകെ	20,37,96,185.00
ചെലവ്	₹18,97,74,979.00
നീക്കിയിരുപ്പ്	₹1,40,21,206.00

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കു വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹2,08,71,171.00
വരവ്	:	₹3,70,58,089.00
ആകെ	:	**₹5,7929,260.00**
ചെലവ്	:	₹3,43,32,647.00
നീക്കിയിരുപ്പ്	:	₹2,35,96,613.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്ര പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാ വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്	ചെല ക്കാ ലാപ്സ് തുക
വികസന ഫണ്ട് (ജനറൽ)	0	₹1,27,13,580	₹1,27,13,580	₹1,14,45,104	0	₹12,68,
വികസന ഫണ്ട് (എസ്.സി.പി)	0	₹18,80,803	₹18,80,803	₹18,12,803	0	₹680
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	₹1,06,40,000	₹1,06,40,000	₹63,97,918	0	₹42,42
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	₹33,02,600	₹33,02,600	₹30,28,004	0	₹2,74,
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	₹27,70,886	₹15,95,000	₹43,65,886	₹29,29,029	₹ ₹14,36,857	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	₹2,97,188	₹21,82,173	₹24,79,361	₹11,08,850	₹13,70,511	0
ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) (320100196)	₹2,17,881	₹14,59,213	₹16,77,094	₹10,26,299	₹6,50,795	0
നിർമ്മൽ പുരസ്കാരം (320100191)	₹36,988	0	₹36,988	0	₹36,988	0
സാക്ഷരത (320100197)	₹14,715	₹402	₹14,715	0	₹15,117	0
കേരളോത്സവം (320100199)	₹8,700	0	₹8,700	0	₹8,700	0
സ്റ്റേഡിയം (320200303)	₹650	0	₹650	0	₹650	0
ലൈഫ്-സംസ്ഥാന വിഹിതം (320200399)	₹12,25,362	₹49,00,000	₹61,25,362	₹39,03,530	₹22,21,832	0
സമ്പൂർണ്ണ ശുചിത്വം (320100182)	0	₹6,09,672	₹6,09,672	₹6,09,672	0	0
കില (320300199)	₹7,12,697	₹14,33,333	₹21,46,030	₹13,33,333	₹8,12,697	0
ഹെൽത്ത് ഗ്രാന്റ് (320100202)	₹83,310	₹7,70,000	₹8,53,310	₹3,24,674	₹5,28,636	0
ഹെൽത്ത് ഗ്രാന്റ് (320100204)	₹7,093	₹3,36,394	₹3,43,485	0	₹3,43,485	0

1. വികസനഫണ്ട് – ജനറലിന്റെ വരവിലും, ചെലവിലും 25,95,523/- രൂപയുടെ ഉൾപ്പെട്ടിട്ടുണ്ട്.

2. വികസനഫണ്ട് -ജനറലിന്റെ ചെലവിൽ നിന്നും 8,33,589/- രൂപ ക്യാപ്പിറ്റൽ കേ മാറ്റിയിട്ടുണ്ട്.

3. വികസനഫണ്ട് – ജനറലിന്റെ എസിആറിലെ ചെലവും, സുലേഖ എക്സ്പെൻഡീച്ചറിലെ 25,95,523/- രൂപയുടെ വ്യത്യാസം ക്യൂബിൽ തുകയാണ്.

4. വികസനഫണ്ട്- എസ്.സി.പിയുടെ വരവിലും, ചെലവിലും 4,83,611/- രൂപയുടെ ഉൾപ്പെട്ടിട്ടുണ്ട്.

5. വികസനഫണ്ട്- എസ്.സി.പിയുടെ 20,230/- രൂപയുടെ ചെലവ് ക്യാപ്പിറ്റൽ കേ മാറ്റിയിട്ടുണ്ട്.

6. മെയിന്റനൻസ് ഗ്രാന്റ്-റോഡിന്റെ 4,70,217/- രൂപയുടെ ചെലവ് ക്യാപ്പിറ്റൽ കേ മാറ്റിയിട്ടുണ്ട്.

7. മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡിൽ 73,345/- രൂപയുടെ ചെലവ് ക്യാപ്പിറ്റൽ കേ മാറ്റിയിട്ടുണ്ട്.

8. മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡിന്റെ എസിആറിലെ ചെലവും, സുലേഖ ചെലവും തമ്മിലുള്ള 10,03,635/- രൂപയുടെ വ്യത്യാസം ക്യൂബിൽ തുകയാണ്.

9. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ (Tied) ചെലവിൽ നിന്നും 6,14,831/- കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

10. ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് (Untied)ൽ 56,173/-രൂപയുടെ ബാങ്ക് പലിശകൂടി ഉൾ

11. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ (Untied) ചെലവിൽ നിന്നും 5,00,082 കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

12, ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവിനത്തിൽ ₹45,100/- വ ഇനത്തിലുള്ളതാണ്.

13. ഹെൽത്ത് ഗ്രാന്റ് വരവിൽ ₹4,394/- ബാങ്ക് പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് എണ്ണം	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്കാത്തവ എണ്ണം	ര
222	₹128833398	₹44099026	114	76	32	

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിര
ഭരണ ചെലവുകൾ	₹516	₹2,92,700	₹2,93,216	₹2,92,370	₹
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	₹1,16,90,816	₹1,16,90,816	₹1,16,90,816	
ആകെ	₹516	**₹1,19,83,516**	**₹1,19,84,032**	**₹1,19,83,186**	₹

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകത്തൊഴിലാളി പെൻഷൻ	₹2471000	211
വിധവാ പെൻഷൻ	₹6579900	609
വാർദ്ധക്യകാല പെൻഷൻ	₹15821200	1539
വികലാംഗ പെൻഷൻ	₹2210900	198
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹251000	25
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	0	0

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ
05.07.2024 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോ
ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും, ജനകീയവും, വികസനപരവുമായ പ്രവർത്തന
ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.
സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓ
പ്രവർത്തിക്കുന്നു. ഐ എൽ ജി എം എസ് നിലവിൽ വന്നതിന് ശേഷം ഫ്രണ്ട് ഓ
തപാലുകൾ തീർപ്പാകുന്നത് വരെ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിന് സാധ
ഓർഡർ മുഖേന ഓഫീസ് ചുമതലകൾ ജീവനക്കാർക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. പഞ്ച
നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്

1-10 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നട
19 വർഷം മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നതാ
ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട വാരപ്പെട്ടി ഗ്രാമ
ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 13 വാർഡുകളുള്ള പഞ്ചായത്തിലെ ജനന
ആൾതാമസമുള്ള 5139 വീടുകളും, 421 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2018-19-ലാണ
ഇവിടെ രൂപീകരിച്ചത്. ആദ്യഘട്ടത്തിൽ ജനങ്ങളുടെ സഹകരണത്തിന്റെ അ
പ്രതിസന്ധിയും മൂലം പ്രവർത്തനം മന്ദഗതിയിലായിരുന്നെങ്കിലും 2024 മാർച്ചോടുകൂടി എ
സ്ഥാപനങ്ങളെയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാന
വാർഡുകളിലായി ആകെ 26 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖര

ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃ കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ	എല്ലാ മാസവും
തുണി	ഫെബ്രുവരി
ഇ-വേസ്റ്റ്, ഹസാർഡസ് വേസ്റ്റ്, ബാറ്ററി	സെപ്റ്റംബർ
ചെരുപ്പ്, ബാഗ്	ഒക്ടോബർ
കുപ്പിച്ചില്ല്	ജൂൺ

തയ്യാറാക്കിയ കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേ ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം, വാട്സ് ആപ്പ് കൂട്ടാ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മാലിന്യം പൂർണ്ണമായി വേർതിരിച്ചാണ് മാല എത്തിക്കുന്നത്. ആവശ്യത്തിന് വലിപ്പമുള്ള എംസിഎഫ് അജൈവ മാലി സൂക്ഷിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്.

റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങളും, നോട്ടീസുകളും നൽകുന്നതൊഴിച്ചാ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും തന്നെ നിലവിൽ ന പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സി ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതികളെക്കുറി അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹19,60,177.00 വരവ് വന്നിട്ടുണ്ട്. ഓരോ അം യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. നിലവിൽ 342 ഹരിതകർമ്മസേനാ പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പഞ്ച ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹8,000.00 പ്രതിമാസം വരുമാനമായി ലഭിക്കു സൂപ്പർവിഷൻ, ഇനോക്കുലം വിതരണം എന്നിവ മുഖേന ഹരിതകർമ്മസേനാം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസനം

ഹരിതകർമ്മസേനയുടെ വാഹനത്തിലാണ് മിനി എംസിഎഫിൽ നിന്നും ര എംസിഎഫിലേക്ക് മാറ്റുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മേശ

എന്നീ സൗകര്യങ്ങൾ വി ഇ ഒ ഓഫീസിൽ ഒരുക്കിയിട്ടുണ്ട്. എംസിഎഫ് നവീകരണ വർഷത്തിൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. വാർഡുകൾ തോറും മിനി എം സി എഫ് സ്ഥാപ ബയോ ബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കുറ്റ സാധിക്കാത്ത കേസുകളിൽ പൊലീസിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച ശുചിത്വോത്സവം, ഹരിതസഭ എന്നിങ്ങനെ പരിശീ

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ ചെറിയൊരു വിഭാഗം ജനങ്ങളുടെ നിസ്സഹകരണ മനോഭാവം സേനയുടെ സുഗമമായ പ്രവ വരുത്തുന്നുണ്ട്. എല്ലാ വാർഡുകളിലും മിനി എസിഎഫ് സ്ഥാപിക്കുകയാണെങ്കിൽ ഹ പ്രവർത്തനം കാര്യക്ഷമവും, സുഗമവുമാക്കാൻ സാധിക്കും.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിൽ നിലവിൽ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്നുള്ള താത്കാലിക കെട്ടിടത്ത പ്രവർത്തിക്കുന്നത്. എംസിഎഫ് നവീകരണത്തിനായി 2024-25 വർഷത്തിൽ പദ്ധ ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ നിലവിലില്ല. 7 വാർഡുകളിൽ 2 മിന വീതവും, 6 വാർഡുകളിൽ ഓരോ മിനി എം സി എഫുകൾ വീതവും സ്ഥാപിച്ചിട്ടുണ്ട്.

2.മാലിന്യ കൈമാറ്റ കാര്യക്ഷമത

13 വാർഡുകളെ നാല് സോണുകളായി തിരിച്ച് വീടുകളിൽ നിന്നും ശേഖരിക്കുന്ന അ ഓരോ മാസവും 3-4 തവണ എംസിഎഫിൽ എത്തിക്കുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് വിസ്തൃതി അപര്യാപ്തമാണ്. പരമാവധി 10 ദി സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട് എന്നിവ എം സി എഫ്-ൽ സെഗ്രഗേഷൻ ടേബിൾ സ്ഥാപിച്ചിട്ടുണ്ട്. ഫയർ എക്സ്റ്റിംഗ്വിഷർ, സ്ഥാപിച്ചിട്ടുണ്ട്.

5. ശുചിത്വമാനദണ്ഡങ്ങൾ

എം സി എഫ് ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിനോട് അനുബന്ധി കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്

ശുചിമുറി എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

6. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

നോർത്താംപ്സ് ഇഎൻവി സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി കരാറിലേർ കൈമാറുകയും ചെയ്യുന്നുണ്ട്. 2024 ഏപ്രിൽ മുതൽ 2 വർഷത്തേക്കാണ് കരാർ. 2023 മാലിന്യം കൈമാറിയിട്ടുണ്ട്. ഇതിൽ നിന്നും 19.05.2024 വരെ ₹3,22,192.00 ലഭ്യമായിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖ തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള നിലവിലെ അ വിപുലീകരിക്കുന്നതിന് എം സി എഫ് നവീകരണം അടിയന്തിരമായി പൂർത്തീകരിക്കേ യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ എം സി എഫിൽ സ്ഥാപിക്കുന്നതും മാലിന്യം കൈ സഹായകമാകും. ഒരു ഉദ്യോഗസ്ഥനെ മേൽനോട്ടത്തിന് മാത്രമായി ചുമതലപ്പെ പ്രവർത്തനം മാലിന്യ സംസ്കരണത്തിനായി വേണ്ടി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഈ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കുവാൻ ഉതകുന്ന ബോധവത്കരണ പരിപാടികൾ

<u>1-11 തൊഴിൽ നികുതി – അപാകതകൾ</u>

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾ സംബന്ധിച് അന്വേഷണത്തിന് (7/07.08.2024) മറുപടി ലഭ്യമാക്കിയില്ല.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	വാരപ്പെട്ടി മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി	I
2	ഇളങ്ങവം മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി	I & II
3	പിഡിഡിപി, കോഴിപ്പിള്ളി	I
4	പൊതുവിതരണ കേന്ദ്രം - എ.ആർ.ഡി - 63	I & II
5	പൊതുവിതരണ കേന്ദ്രം - എ.ആർ.ഡി - 69	I & II
6	പൊതുവിതരണ കേന്ദ്രം - എ.ആർ.ഡി - 72	I & II
7	പൊതുവിതരണ കേന്ദ്രം - എ.ആർ.ഡി - 73	I & II
8	പൊതുവിതരണ കേന്ദ്രം - എ.ആർ.ഡി - 101	I & II
9	മനു-വിഷ്ണു ഗ്രാനൈറ്റ്സ്	I & II
10	വി.കെ.ജെ ഹോട്ട് ബാച്ച് മിക്സ് പ്ലാന്റ്	I & II
11	വി.കെ.ജെ ഹോട്ട് മിക്സ് പ്ലാന്റ്	I & II
12	കെ.കെ.എസ് സോ മിൽ	I & II
13	കെ.കെ.എസ് പ്ലൈവുഡ് & ഇൻഡസ്ട്രീസ്	I & II
14	ഗ്രീൻ സ്പോട്ട് ഓയിൽ & ഫ്ലവർ മിൽ	I & II
15	കെ.കെ.എം പ്ലാസ്റ്റിക്സ്	I & II
16	ഇലഞ്ഞിക്കൽ ഇൻഡസ്ട്രീസ്	I & II

17	മാതാ മെറ്റൽ ഇൻഡസ്ട്രീസ്	I & II
18	ക്രിസ്വിൻ ട്രേഡേഴ്സ്	I & II
19	എസ്.ജെ.എസ് എഞ്ചിനീയറിംഗ്	I & II
20	കോതമംഗലം താലൂക്ക് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീസ് സൊസൈറ്റി - ലി. നം - 1275	I
21	എൻ.എസ്.എസ് ഹയർ സെക്കന്ററി, സ്കൂൾ	I
22	പോസ്റ്റ് ഓഫീസ്, കോഴിപ്പിള്ളി ബ്രാഞ്ച്	I
23	വില്ലേജ് ഓഫീസ്, വാരപ്പെട്ടി	I & II
24	സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, വാരപ്പെട്ടി	I & II
25	വിപ്കോ ഇൻഡസ്ട്രീസ്, കോഴിപ്പിള്ളി	II

2) 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത വ തൊഴിൽ നികുതി അടവാക്കിയതും എന്നാൽ 2023-24 വർഷം ആയത് അടവാക്കാത്ത താഴെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	2022-23 സാമ്പത്തിക വർഷം ഒടുക്കിയ തൊഴിൽ നികുതി	
		I	II
1	വി.കെ.ജെ ഓഫീസ്	2750	2750
2	വി.കെ.ജെ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്	7140	7140
3	ഐ.യു.എൻ.ജി.എസ് ബേക്കറി യൂണിറ്റ്	1500	1500
4	എസ്.ജെ.എസ് എഞ്ചിനീറിംഗ്, കക്കാട്ടൂർ	3050	3050
5	ഷെറീന വുഡ് ഇൻഡസ്ട്രീസ്	1800	1800
6	പോസ്റ്റ് ഓഫീസ്, വാരപ്പെട്ടി ബ്രാഞ്ച്	1750	600

3)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	പോത്താനിക്കാട് റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ : 2237	I & II
2	മാർത്ത മറിയം പബ്ലിക് സ്കൂൾ	II
3	വാരപ്പെട്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	I & II
4	കോതമംഗലം താലൂക്ക് സോഷ്യൽ വെൽഫെയർ സഹകരണ സംഘം ലിമിറ്റഡ് ഇ-1275	I & II

4)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി (Traders) ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	പുതുപ്പാടി ക്ഷീരോൽപാദക സഹകരണ സംഘം	I & II
2	വാരപ്പെട്ടി ക്ഷീരോൽപാദക സഹകരണ സംഘം	I & II
3	അടിവാട് ക്ഷീരോൽപാദക സഹകരണ സംഘം	I & II
4	എളങ്ങവം ക്ഷീരോൽപാദക സഹകരണ സംഘം	I & II

5	കറുകടം ക്ഷീരോൽപാദക സഹകരണ സംഘം	I & II

ക്രമ നമ്പർ 1, 2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി, ക്രമ നം സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി, ക്രമ നമ്പർ 4 പട്ടികയിലെ സ്ഥാപനങ്ങളു (ട്രേഡേഴ്സ്) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഈടാക്കി അ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് , രസീത് വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമ 5) താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽനികുതി പിരി ഓഫീസ്/സ്ഥാപന ഉടമ സമർപ്പിച്ച പത്രികയിൽ ജീവനക്കാരുടെ അർദ്ധവാർഷിക രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്താത്ത പത്രികയിൽ തൊഴിലുടമ രേഖപ്പെടുത്ത സ്വീകരിച്ചത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതാണ്. അർദ്ധവ പരിശോധിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ട നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ക്രമ നം	ജീവനക്കാരന്റെ പേര്	ഉദ്യോഗപ്പേര്	അർദ്ധ വർഷം	റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം	ഈടാ നിക
വാരപ്പെട്ടി ക്ഷീരോല്പാദക സഹകരണ സംഘം					
1	ഷിജി കെ.എസ്	പ്രൊക്യൂയർമെന്റ് അസിസ്റ്റന്റ്	II	രേഖപ്പെടുത്തിയിട്ടില്ല	30
ആയുഷ് പി.എച്ച്.സി(ഹോമിയോ) വാരപ്പെട്ടി					
1	ഡോ.ജിലു ജോർജ്ജ്	മെഡിക്കൽ ഓഫീസർ	II	രേഖപ്പെടുത്തിയിട്ടില്ല	125
2	മിനി ഇമ്മാനുവൽ	അറ്റന്റർ	II	രേഖപ്പെടുത്തിയിട്ടില്ല	75
3	സിനി മാധവൻ	പി.റ്റി.എസ്	II	രേഖപ്പെടുത്തിയിട്ടില്ല	45
പൊതുവിതരണ കേന്ദ്രം – 85 – പിടവൂർ					
1	റാബിയാ ബീവി	ലൈസൻസി	I & II	രേഖപ്പെടുത്തിയിട്ടില്ല	60
പൊതുവിതരണ കേന്ദ്രം – 70 – മൈലൂർ					
1	മോൻസി പി ജോർജ്	ലൈസൻസി	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	60
പൊതുവിതരണ കേന്ദ്രം – 100					
1	സനൽകുമാർ കെ.എസ്	ലൈസൻസി	I	രേഖപ്പെടുത്തിയിട്ടില്ല	30
പൊതുവിതരണ കേന്ദ്രം – 71 – കോഴിപ്പിള്ളി					
1	ഐസക് കുര്യൻ	സെയിൽസ്മാൻ	II	രേഖപ്പെടുത്തിയിട്ടില്ല	30

6) ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപ ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേ ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു. ആയത് തൊഴിലുടമ മു ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അപേക്ഷ നം	അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം
1	ജെ.കെ ടയർ റബ്ബർ ഗോഡൗൺ	JC1/61 03.01.2024 (രണ്ടാം അർദ്ധവർഷം പ്രവർത്തനമാരംഭിച്ചു)	4
2	ഐസിഗ്സ്	JC1/3486 30.06.2023	9
3	കെ.കെ.എസ് പ്ലൈവുഡ് & ഇൻഡസ്ട്രീസ്	JC1/1191	30
4	തമർ ഇന്ത്യ സ്പൈസസ് പ്രൈ.ലി.	രേഖപ്പെടുത്തിയിട്ടില്ല	10

7) തൊഴിൽ നികുതി (സ്ഥാപനങ്ങൾ) ഇനത്തിൽ ₹11,430/- വരവ് വന്നിട്ടുണ്ട്. ഏ
സ്ഥാപനങ്ങളാണ് ആയത് ഒടുക്കിയതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
സ്ഥാപനങ്ങളുടെ പേര്, അർദ്ധവർഷം, തുക എന്നിവ രേഖപ്പെടുത്തി ഓഡിറ്റിന് ഏ
തുടർന്നുള്ള വർഷങ്ങളിലും ഇവ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേ
8) ജീവനക്കാരുടെയും (എംപ്ലോയീസ്) & സ്ഥാപനങ്ങളുടെയും (ഇൻസ്റ്റിറ്റ്യൂഷൻസ്), ടേ
നികുതി ഇനത്തിലെ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-12 പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടില്ല

റോഹൻ പ്രസാദ്, മാനേജിംഗ് ഡയറക്ടർ ഓഫ് പാറക്കൽ ഗ്രാനൈറ്റ്സ് കേരള
എന്നയാളുടെ ഉടമസ്ഥതയിലുള്ള S-396/1B-2-4 സർവ്വേ നമ്പറിൽ പെട്ട വസ്തുവിൽ നിർമ്മ
ഉപയോഗ ക്രമത്തിലുള്ള കെട്ടിടം (492.60 ച.മീ.) SC3-BA(384301)/2023 തീയതി: 20.11.
പ്രകാരം ക്രമവൽക്കരിച്ച് 7/4B നമ്പർ നൽകിയിട്ടുണ്ട്. പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്ന്
S-396/1B-2-4 സർവ്വേ നമ്പറിൽപ്പെട്ട പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ (Existing
ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം	കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ	സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട വിസ്തീർണ്ണം
1	ഓഫീസ്/ ബിസിനസ്സ്(E)	452.63 ച.മീ.	VII/ 4	കെട്ടിട വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല
2	കൊമേർഷ്യൽ/ മർക്കന്റൈൽ (F)	25 ച.മീ. (18.75+6.25)	-	
3	റസിഡൻഷ്യൽ (A1)	175.19 ച.മീ.	VII/ 367	
4	റസിഡൻഷ്യൽ (A1)	16.67 ച.മീ.	-	
5	ഇൻഡസ്ട്രിയൽ (G2)	2100 ച.മീ.	VII/ 4 A	1905.02
6	ഇൻഡസ്ട്രിയൽ (G1)	118.95 ച.മീ.	-	കെട്ടിട വിവരങ്ങൾ സഞ്ചയയിൽ

7	ഹസാഡസ് (I)	54.47 ച.മീ. (33.35+21.12)	-	രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല
പ്ലോട്ടിൽ നിലവിലുള്ള (Existing Building) കെട്ടിടങ്ങളുടെ ആകെ വിസ്തീർണം (Built-Up Area)		2942.91 ച.മീ.		

വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ VII/ 4 A വ്യവ വിസ്തീർണ്ണം 1905.02 ച.മീറ്റർ എന്നാണ്. 194.98 ച.മീറ്ററിന്റെ കുറവുണ്ട്. കൂടാതെ ക്ര രേഖപ്പെടുത്തിയിട്ടുള്ള ഓഫീസ് കെട്ടിടം VII/ 4, റസിഡൻഷ്യൽ ഉപയോഗക്രമത്തിലു എന്നിവ യഥാക്രമം ഒ.പി കുഞ്ഞപ്പൻ, ഒറവലക്കുടിയിൽ എന്നയാളുടെ പാർപ്പിടവും, രാ ജോർജ് മട്ടമ്മേൽ, ഉദയംപേരൂർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടവുമാണ്. ആയത് പ്രക (2942.91 – 1905.02) കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. അ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/09.08.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ പഞ്ചായത്ത്രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം നിയമാനുസൃത സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

